**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 850** **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നല്കുന്ന ലംപ്സം ഗ്രാന്റിന്റെ അർഹതാ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലും 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നു. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, കേന്ദ്ര/സംസ്ഥാന യൂണിവേഴ്സിറ്റികൾ, കേന്ദ്ര/സംസ്ഥാന സർക്കാർ ഏജൻസികൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ബോർഡുകൾ തുടങ്ങിയവ സംസ്ഥാന തലത്തിലോ അഖിലേന്ത്യാ തലത്തിലോ നടത്തുന്ന പ്രവേശന പരീക്ഷകളിലൂടെ മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് വഴി / യൂണിവേഴ്സിറ്റികളുടെ ഏകജാലക സംവിധാനം വഴി മെറിറ്റ്/റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും മെറിറ്റ്/ റിസർവേഷൻ പാലിച്ച് സ്പോട്ട് അഡ്മിഷൻ വഴി പ്രവേശനം നേടുന്നവർക്കും അലോട്ട്മെന്റ് മെമ്മോയുടെ അടിസ്ഥാനത്തിൽ / സ്പോർട്സ് ക്വോട്ടയിലും ഡിഫൻസ് ക്വോട്ടയിലും സംസ്ഥാനത്തിനകത്തുള്ള സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന ;പട്ടികജാതി/പട്ടികവർഗ വിഭാഗം പോസ്റ്റ്മെട്രിക്‌വിദ്യാർഥികൾക്ക് ലംപ്സം ഗ്രാന്റിന് അർഹതയുണ്ട്. കൂടാതെ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാ തലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/ റിസർവേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും, സുതാര്യവും, നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/ റിസർവേഷനിൽ സ്പോട്ട് അഡ്മിഷൻ വഴി ഇതര സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന ;പട്ടികജാതി/ പട്ടികവർഗ വിഭാഗം പോസ്റ്റ്മെട്രിക്‌വിദ്യാർഥികൾക്ക് ലംപ്സം ഗ്രാന്റിന് അർഹതയുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് മാനദണ്ഡങ്ങൾ നിർണ്ണയിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡപ്രകാരവും, 26/12/2023 ലെ സ.ഉ (അച്ചടി) നമ്പർ:09/2023/SCSTD- പ്രീ മെട്രിക് സ്കോളർഷിപ്പിന്റെ വ്യവസ്ഥകൾ പ്രകാരവും 05/01/2023 ലെ സ.ഉ (അച്ചടി) നമ്പർ 2/2023/SCSTD- പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ വ്യവസ്ഥകൾ പ്രകാരവുമാണ് മാനദണ്ഡങ്ങൾ നിർണ്ണയിച്ചിരിക്കുന്നത്. |
| (സി) | പ്ലസ് ടു, കോളേജ് വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം തുടങ്ങിയ വിവിധ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികളിൽ മെരിറ്റിൽ അഡ്മിഷൻ ലഭിച്ചവർക്ക് മാത്രമായി പ്രസ്തുത ഗ്രാന്റ് നല്കുന്നത് നിജപ്പെടുത്തിയിട്ടുണ്ടോ; | (സി) | കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡപ്രകാരവും, 26/12/2023 ലെ സ.ഉ (അച്ചടി) നമ്പർ:09/2023/SCSTD- പ്രീ മെട്രിക് സ്കോളർഷിപ്പിന്റെ വ്യവസ്ഥകൾ പ്രകാരവും 05/01/2023 ലെ സ.ഉ (അച്ചടി) നമ്പർ 2/2023/SCSTD- പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ വ്യവസ്ഥകൾ പ്രകാരവും മെറിറ്റ്/ റിസർവേഷനിൽ പ്രവേശനം നേടുന്ന ;പട്ടികജാതി/പട്ടികവർഗ വിഭാഗം പോസ്റ്റ്മെട്രിക് വിദ്യാർഥികൾക്ക് മാത്രമാണ് ഗ്രാന്റിന് അർഹതയുള്ളത്. |
| (ഡി) | മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം ലഭിച്ച ഈ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നിലവിൽ ലംപ്സം ഗ്രാൻറ് നല്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡപ്രകാരവും, 26/12/2023 ലെ സ.ഉ (അച്ചടി) നമ്പർ:09/2023/SCSTD- പ്രീ മെട്രിക് സ്കോളർഷിപ്പിന്റെ വ്യവസ്ഥകൾ പ്രകാരവും 05/01/2023 ലെ സ.ഉ (അച്ചടി) നമ്പർ 2/2023/SCSTD- പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന്റെ വ്യവസ്ഥകൾ പ്രകാരവും മെറിറ്റ്/ റിസർവേഷനിൽ പ്രവേശനം നേടുന്ന ;പട്ടികജാതി/പട്ടികവർഗ വിഭാഗം പോസ്റ്റ്മെട്രിക് വിദ്യാർഥികൾക്ക് മാത്രമാണ് ഗ്രാന്റിന് അർഹതയുള്ളത്. |
| (ഇ) | അഡ്മിഷന്റെ രീതി മാനദണ്ഡമാക്കാതെ പ്രസ്തുത വിഭാഗങ്ങളിലെ എല്ലാ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാൻറ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ഇ) | അഡ്മിഷന്റെ രീതി മാനദണ്ഡമാക്കാതെ ലംപ്സം ഗ്രാൻറ് നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ